
**Chicago Knanaya Catholic Parish Bulletin**
Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Parish Unit, 5212 W. Agatite Ave, Chicago, IL 60630
October 28, 2007, Vol. 3, Issue 5
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm



# ഹോഫ്മാൻ എസ്റ്റേറ്റിൽ പള്ളി സ്ഥാപിക്കാം.

## മാർ മൂലക്കാട്ടു പിതാവിന്റെ ഓ.എൽ.വി.യിലെ പ്രസംഗം.



പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

... ചിക്കാഗോയിലുള്ള നമ്മുടെ ക്രൈസ്തവ സമൂഹത്തെ സംബന്ധിച്ചടത്തോളം അത് വളർച്ചയുടെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഇന്ന രണ്ടു സ്ഥലത്ത് വിശുദ്ധ കുർബാന അർപ്പിക്കുവാൻ ഞാൻ വന്നത്. രാവിലെ മെയ്വുഡ് പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഇപ്പോൾ ഈ ദൈവാലയത്തിൽ നിങ്ങളോടൊപ്പം ഈ വിശുദ്ധ കുർബാന അർപ്പിക്കുകയാണ്. തീർച്ചയായും നമുക്കറിയാം, നാം ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്, ദൈവകൃപയിൽ നമ്മെത്തന്നെ ഉറപ്പിച്ചുകൊണ്ട് വളരാൻ പരിശ്രമിക്കുകയാണു ചെയ്യുണ്ടത്. ദൈവത്തിന്റെ സഹായം നമുക്ക് പ്രാർത്ഥിക്കാം.

**നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ വളർച്ചയിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് നമ്മുടെ ഇടവക ദൈവാലയമാണ് എന്ന കാര്യം വിസ്മരിക്കുവാൻ നമുക്ക് സാധിക്കുകയില്ല. ക്രൈസ്തവ സമൂഹത്തിന്റെ വളർച്ച ദൈവാലയത്തെ ചുറ്റിപ്പറ്റിയാണ്; ദൈവാലയത്തോടു ചേർന്നാണ്. കാരണം ദൈവം വസിക്കുന്ന ഭവനമാണ് നമ്മെ ഓരോരുത്തരേയും ദൈവമക്കളാക്കി വളർത്തുക. അതുകൊണ്ടുതന്നെ നമുക്ക് സ്വന്തമായി ദൈവാലയങ്ങൾ ഉണ്ടാക്കുവാനുള്ള പരിശ്രമത്തിലാണ് നാം ഏർപ്പെട്ടിരിക്കുന്നത്.**

കഴിഞ്ഞ ഞായറാഴ്ച ഞാൻ ഇവിടെ വന്ന അവസരത്തിൽ ബഹു. മുത്തോലത്തച്ചനും നമ്മുടെ കെ. സി.എസിന്റെ ഭാരവാഹികളുമൊക്കെ ആയിട്ട് കുറച്ചു നേരം സംസാരിക്കുവാൻ ഇടയായി. നമുക്ക് ഇപ്പോഴുള്ള ഒരു ഇടവക ദൈവാലയത്തിനു പുറമേ മറ്റൊരു ദൈവാലയംകൂടി ഉണ്ടാകേണ്ടിയതിന്റെ ആവശ്യകതയാണ് എല്ലാവരും ഊന്നിപറഞ്ഞത്. ദൈവസഹായത്താൽ അതിനായുള്ള പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടു പോകുന്നുണ്ട് എന്നു കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. നിങ്ങളെ ഞാൻ അഭിനന്ദിക്കുകയും ചെയ്യുന്നു.

**കെ.സി.എസിന്റെ പ്രത്യേക താല്പര്യ പ്രകാരം ഹോഫ്മാൻ എസ്റ്റേറ്റിൽ നമുക്കായി വാങ്ങിയ സ്ഥലം ഇന്നലെ ഞാൻ പോയി കാണുകയുണ്ടായി. വളരെ നല്ല മനോഹരമായ പ്രദേശമാണ്. അവിടെ നമുക്ക് മറ്റൊരു ഇടവക ദൈവാലയം കൂടി ഉണ്ടാകണമെന്ന് കെ.സി.എസിന്റെ ഭാരവാഹികളെല്ലാവരും ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ബഹു. മുത്തോലത്തച്ചനും അതിനോട് 100 ശതമാനവും യോജിക്കുന്നു. ബഹു. അച്ചനും അസോസിയേഷന്റെ ഭാരവാഹികളും ഒന്നിച്ചു ചേർന്ന് അവിടെ നമ്മുടെ ഇടവക ദൈവാലയം ഉണ്ടാക്കുവാനുള്ള പരിശ്രമങ്ങളിൽ വ്യാപൃതരാകുവാൻ ബദ്ധശ്രദ്ധരാണ്. അക്കാര്യത്തിൽ നാമെല്ലാവരും ഒന്നു ചേർന്നു പരിശ്രമിക്കുമ്പോൾ ദൈവം നമ്മോടുകൂടി പ്രവർത്തിക്കുകയും നമുക്ക് അനുഗ്രഹങ്ങൾ വർഷിക്കുകയും ചെയ്യും.**

**ദൈവാലയ നിർമ്മാണത്തിന് ആവശ്യമായ കാര്യങ്ങളെപ്പറ്റി ഞങ്ങൾ സംസാരിക്കയുണ്ടായി. ദൈവാലയം എന്നു പറയുന്നത് ദൈവത്തിന്റെ ആലയമാണ്. സഭയിൽ ദൈവാലയത്തിനു പ്രത്യേക പ്രസക്തിയുണ്ട്. സഭയുടെ നിയമങ്ങൾക്കു വിധേയമായിട്ട്, നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണു ദൈവാലയം നിർമ്മിക്കപ്പെടേണ്ടത്. അതിനു ബഹു. വികാരിയച്ചനോട് ചേർന്ന് അഭിവന്ദ്യ പിതാവിനെ നാം കാണുകയും ഇടവക ദൈവാലയ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയും ചെയ്യുക. തീർച്ചയായും ഏറെ താമസിയാതെ നിങ്ങളുടെ ആഗ്രഹങ്ങൾ സഫലമാകും. നമുക്ക് ധന്യമായ മറ്റൊരു**

*(Continued on page 5)*



Archbishop Mar Mathew Moolakkatt and Fr. Tomy Vattukulam with the altar servers at OLV church.

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***

**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**YOUTH MASS at 11:30 A.M.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**
**CHILDREN: Every 2nd and 4th Friday after Holy Mass.**

## RECONCILIATION / CONFESSION

**First Saturdays from 10:00 A.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass & 4:00 P.M. at OLV.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Fourth Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass**

## THEOLOGY COURSE

**Third Saturday after 10:00 A.M. Mass**

November 2007

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | |

# Schedule of Events

### SATURDAY, OCTOBER 27, 2007

Baptism, Mass and Novena at 10:00 A.M.

### SUNDAY, OCTOBER 28, 2007

വിശുദ്ധ യൂദാശ്ലീഹായുടെ തിരുന്നാൾ ദിവസം.

Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass and adult meetings from 11:30 A.M.
Religious Education Class at OLV at 3:45 P.M.
Baptism and Mass at OLV at 5:30 P.M.

### THURSDAY, NOVEMBER 1, 2007

സകല വിശുദ്ധരുടെ തിരുന്നാൾ ദിവസം.

കമ്മ്യൂണിറ്റി സെൻ്ററിൽ സകല മരിച്ചവരുടെ ഓർമ്മ ആചരണം.

Memorial Mass and Novena at Community Center at 7:00 P.M.

### FRIDAY, NOVEMBER 2, 2007

സകല മരിച്ചവരുടെ ഓർമ്മ ദിവസം.

Mass and **Adoration** at 7:00 P.M.
**Koodarayogam & Volunteers Meeting after Mass.**

### SATURDAY, NOVEMBER 3, 2007

ഇടവക പള്ളിയിൽ സകല മരിച്ചവരുടെ ഓർമ്മ ആചരണം.

**Memorial Mass** & Novena at 10:00 A.M. followed by **Office at Knanaya Cemetery.**
കുർബ്ബാനയ്ക്കു ശേഷം ക്നാനായ സെമിത്തേരിയിൽ ഒപ്പീസ്.

### SUNDAY, NOVEMBER 4, 2007

പള്ളി കൂദാശാ കാലം ആരംഭിക്കുന്നു.

Daylight Saving Time Ends.

Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass and adult meetings from 11:30 A.M.
Religious Education Class at OLV at 3:45 P.M.
Baptism and Mass at OLV at 5:30 P.M.

### THURSDAY, NOVEMBER 8, 2007

Mass, Novena, and Benediction at Community Center at 7:00 P.M.

### FRIDAY, NOVEMBER 9, 2007

Mass and **Adoration for children** at 7:00 P.M

### SATURDAY, NOVEMBER 10, 2007

Mass & Novena at 10:00 A.M.

### SUNDAY, NOVEMBER 11, 2007

Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass and adult meetings from 11:30 A.M.
Religious Education Class at OLV at 3:45 P.M.
Baptism and Mass at OLV at 5:30 P.M.

### THURSDAY, NOVEMBER 15, 2007

Mass, Novena, and Benediction at Community Center at 7:00 P.M.

### FRIDAY, NOVEMBER 16, 2007

Mass and **Novena of St. Michael** at 7:00 P.M

### SATURDAY, NOVEMBER 17, 2007

Mass & Novena at 10:00 A.M.
**Theology Class for volunteers after Mass.**

# വികാരിയുടെ സന്ദേശം



## കരിയുകയും തളിരിടുകയും ചെയ്യുന്ന കത്തോലിക്കാ സഭ.

എന്റെ പ്രിയ സഹോദരങ്ങളേ,

ഈയിടെ സ്വിറ്റ്സർലന്റിലും അയർലന്റിലും ഞാൻ പര്യടനം നടത്തിയപ്പോൾ സന്തോഷകരമായ ദിവസങ്ങളായിരുന്നെങ്കിലും എന്റെ മനസ്സിൽ നീറ്റലുണ്ടാക്കിയ ഒരു കാര്യം ഇവിടെ പങ്കുവയ്ക്കട്ടെ. ഈ രണ്ടു രാജ്യങ്ങളിലും അതി മനോഹരമായ അനവധി കത്തോലിക്കാ ദൈവാലയങ്ങളുണ്ട്. എന്നാൽ അവിടെയും മറ്റു സമീപ രാജ്യങ്ങളിലും പള്ളികളിൽ വരുന്നവർ വിരളമാണ്. പല പള്ളികളും പൂട്ടിപ്പോയി. ബാക്കിയുള്ളവ ചുരുക്കം ചില വൃദ്ധ ജനങ്ങളുടെ മാത്രം പ്രാർത്ഥനാലയമായി. ഏറെ പഴക്കം ചെന്ന പള്ളികൾ സർക്കാർ പുരാവസ്തു കേന്ദ്രങ്ങളാക്കി മാറ്റിയിരിക്കുന്നു. ചില പള്ളികൾ അന്യ മതസ്ഥർ വാങ്ങി അവരുടെ പ്രാർത്ഥനാലയങ്ങളാക്കിയിരിക്കുന്നു. മറ്റു ചിലവ, കച്ചവടക്കാർ വാങ്ങി ബീയർ പാർലറുകളാക്കിയിരിക്കുന്നു. ഒരു കാലത്ത് കത്തോലിക്കാ രാജ്യങ്ങളും കത്തോലിക്കാ സഭയുടെ സജീവ പ്രചാരകരുമായിരുന്ന യൂറോപ്യൻ രാജ്യങ്ങളിൽ കത്തോലിക്കാ വിശ്വാസം കരിഞ്ഞുകൊണ്ടിരിക്കുന്നു. അവിടുത്തുകാരായ വൈദികരും സന്യസ്തരും വിരളമായിരിക്കുന്നു. പള്ളികളും രൂപതകളും സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. യൂറോപ്പിലെ ഈ ദുരവസ്ഥയിലേയ്ക്കാണ് അമേരിക്കയിലെ ലത്തീൻ സഭയും നീങ്ങിക്കൊണ്ടിരിക്കുന്നത്.

ഇനി കേരള സഭയുടെ കാര്യമെടുക്കാം. അവിടെ പള്ളികളിൽ വരുന്ന വിശ്വാസികളെ ഉൾക്കൊള്ളുവാനാവാത്തതിനാൽ പള്ളികൾ പൊളിച്ചു വലുതാക്കുന്നു. ഒരു പള്ളിയും ഇല്ലാതാകുന്നില്ലെന്നു മാത്രമല്ല, പുതിയ അനവധി ദൈവാലയങ്ങൾ സ്ഥാപിക്കപ്പെടുന്നു. ദൈവവിളിയുടെ വർദ്ധനവു മൂലം സെമിനാരികൾ കൂടുതലായി നിർമ്മിക്കുന്നു. വൈദികർ ഏറുന്നതിനാൽ അവരെ ലോകം മുഴുവൻ പ്രേഷിത പ്രവർത്തനത്തിന് അയയ്ക്കുന്നു. പ്രത്യാശയും സന്തോഷവും പകരുന്ന ഈ സാഹചര്യത്തിനു കാരണം എന്താണ്? സഭയാകുന്ന മുന്തിരിത്തോട്ടത്തെ വളവും വെള്ളവും നല്കിയും, വേലി തീർത്തും, വെട്ടിയൊരുക്കിയും പരിപോഷിപ്പിക്കുവാൻ നമ്മുടെ മെത്രാന്മാരും വൈദികരും സന്യാസിനീ സന്യാസികളും അല്മായ പ്രേഷിതരും അവിടെ സദാ ഉത്സുകരാണ്.

യൂറോപ്പിലോ അമേരിക്കയിലോ ഇല്ലാത്ത സജീവമായ അജപാലന ശുശ്രൂഷയാണ് ഭാരത സഭയുടെ വിജയ രഹസ്യം. മതബോധനം, വിവിധ പ്രായക്കാർക്കുള്ള ഭക്ത സംഘടനകൾ, ധ്യാനങ്ങൾ, പ്രാർത്ഥനാ ഗ്രൂപ്പുകൾ, കുടാര യോഗങ്ങൾ, ഇടവക കേന്ദ്രീകൃതമായ മറ്റനവധി പ്രവർത്തനങ്ങൾ എന്നിവ സഭയെ സജീവമാക്കുന്നു.

അങ്ങനെ വളർന്ന നമ്മുടെ ആളുകൾ യൂറോപ്പിലെയും അമേരിക്കയിലെയും പള്ളികളിൽ ചെല്ലുമ്പോൾ അവരെ ആ ഇടവകകളുടെ ഭാഗവും താങ്ങുമാക്കി മാറ്റുവാൻ ചില ലത്തീൻ വികാരിമാർ ശ്രമിക്കാറുണ്ട്. ഫലമോ? ക്രമേണ നമ്മുടെ വരും തലമുറയും വിശ്വാസ പരിശീലനത്തിന്റെ അപര്യാപ്തതകൊണ്ട് ലത്തീൻ സഭകളോടൊപ്പം നിലം പൊത്തും.

അമേരിക്കൻ പള്ളിയിൽ താമസിക്കുന്ന എനിക്ക് അത്തരം ഇടവകകളുടെ തകർച്ച മനസ്സിലാക്കുവാൻ കഴിയും. വൈദികരുടെയും സന്യസ്തരുടെയും പ്രേഷിത തീക്ഷ്ണത കുറഞ്ഞുവന്നതും, അത് യഥാസമയം പുനർജീവിപ്പിക്കാതിരുന്നതുമാണ് ഒന്നാമത്തെ പ്രശ്നം. അമേരിക്കൻ മെത്രാന്മാരുടെയും വൈദികരുടെയും കൂട്ടായ്മയിലെ പ്രധാന ചർച്ചാ വിഷയം പ്രശസ്ത ടീമുകളുടെ പന്തുകളി മത്സരമാണ്. അവർ കൂടുതൽ സമയവും ചിലവഴിക്കുന്നത് റ്റി.വി. പ്രോഗ്രാമുകൾ, വിശിഷ്യാ പന്തുകളി, കാണുവാനാണ്. കുർബാന ഒഴികെ ജനങ്ങളുമായി ഇടപഴകുവാനുള്ള പദ്ധതികൾ തന്നേ കുറവാണ്. കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും വേണ്ടിയുള്ള വിശ്വാസ പരിശീലന പരിപാടികൾ ഇല്ലാതായി വരുന്നു. കുട്ടികളെ ചൂഷണം ചെയ്യുന്ന പേരിൽ കേസുകൾ വരുന്നതിനാൽ വരും തലമുറയ്ക്കുവേണ്ടി അജപാലന ശുശ്രൂഷ അസ്തമിച്ചുവരുന്നു.

ഇടവകകളുടെയും രൂപതകളുടെയും സാമ്പത്തിക വളർച്ചയ്ക്കനുസരിച്ച് സഭാശുശ്രൂഷയും ജീവകാരുണ്യ പ്രവർത്തനങ്ങളും പ്രേഷിത പ്രവർത്തനവും ചെയ്യുന്നതിനു പകരം സ്റ്റോക്ക് മാർക്കറ്റിൽ സഭ സുരക്ഷിതത്വം തേടി. അതു കയ്യടക്കുവാൻ ഇന്ന് കേസുകളുമായി ആളുകൾ നിയമ യുദ്ധം നടത്തി സഭയെ തകർക്കുന്നു. അവ സഭയുടെ എതിർ സാക്ഷ്യമായി മാറുകയും ചെയ്യുന്നു.

പ്രൊഫഷണലിസമാണ് അമേരിക്കൻ സഭയുടെ പതനത്തിനു മറ്റൊരു കാരണം. ആവശ്യത്തിലേറെ തൊഴിലാളികൾ ഓരോ പള്ളിയ്ക്കും രൂപതയ്ക്കുമുണ്ട്. അതോടെ അല്മായ പ്രേഷിതത്വം തന്നേ കുറഞ്ഞു. തൊഴിലാളികൾക്ക് ശമ്പളവും ആനുകൂല്യങ്ങളും കൊടുക്കാനാവാതെ പല പള്ളികളും സാമ്പത്തിക പ്രതിസന്ധിയിലായി.


ധ്യാനം, ഭക്ത സംഘടനകൾ, വിവിധ മിനിസ്ട്രികൾ എന്നിവ ഇന്ന് അമേരിക്കൻ പള്ളികളിൽ നാമമാത്രമായിരിക്കുന്നു. **അമേരിക്കൻ പള്ളികളിൽ മാത്രമായി തങ്ങളുടെ കുട്ടികളെ പരിശീലിപ്പിച്ചു തൃപ്തരാകുന്ന മാതാപിതാക്കളുടെ കണ്ണു തുറപ്പിക്കുവാൻ ഈ പങ്കുവെയ്ക്കൽ ഉപകരിച്ചിരുന്നെങ്കിൽ!** അവർ നമ്മുടെ ഇടവക കൂട്ടായ്മയിൽ വരുവാൻ നമുക്കു പ്രാർത്ഥിക്കാം.

നാട്ടിലെ ഇടവകാന്തരീക്ഷത്തിന്റെ പതിപ്പാണ് നമ്മുടെ ഇടവക പള്ളി. അതുപോലെ ഇടവകകൾ ചിക്കാഗോയിലും അമേരിക്കയുടെ വിവിധ ഭാഗങ്ങളിലും ഉണ്ടായാൽ വാടിക്കരിയുന്ന അമേരിക്കയിലെ ലത്തീൻ സഭയ്ക്ക് തളിരിടുന്ന നമ്മുടെ സീറോ മലബാർ സഭ വലിയ മാതൃകയും പ്രചോദനവുമായി മാറും.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

### നുറുങ്ങുവെട്ടം



**നിലം പൊത്താറായ പള്ളികളിൽ അഭയം തേടാതെ, സുരക്ഷിതമായ സ്വന്തം ദൈവാലയങ്ങൾ അഭിമാനത്തോടെ നാം തീർക്കണം.**



# വേണം ഹോഫ്മാൻ എസ്റ്റേറ്റിൽ നമുക്കൊരു പള്ളി

**ജോയി ചെമ്മാച്ചേൽ**

ഹോഫ്മാൻ എസ്റ്റേറ്റിൽ ഒരു പള്ളി എന്ന ആശയം ഇപ്പോൾ നമ്മുടെ സമുദായത്തിൽ പ്രധാന ചർച്ചാവിഷയമായിരിക്കുകയാണല്ലോ. ഇത്തരമൊരു ചിന്താഗതിക്ക് ഇന്ന് സാഹചര്യമുണ്ടാകുന്നതിന് മുമ്പ് ഷിക്കാഗോയിലെ നമ്മുടെ വിശ്വാസികളുടെ പഴയ ജീവിത സാഹചര്യം കണക്കിലെടുക്കണം. 1900-ന്റെ അവസാന പാദങ്ങളിൽ മൾട്ടി പർപ്പസ് കമ്മ്യൂണിറ്റി സെന്റർ എന്ന ആശയം നാം ആവിഷ്ക്കരിക്കുകയും അതിനായി പണപ്പിരിവ് നടത്തുകയും ചെയ്തു. അതുവഴി നമുക്ക ലഭിച്ച ഒരു നേട്ടംകൂടിയാണ് ഹോഫ്മാൻ എസ്റ്റേറ്റിലെ ഏഴ് ഏക്കർ ഭൂമി. അന്ന നമ്മുടെ സമുദായത്തിന്റെ ഉന്നമനത്തിന വേണ്ടി തുടങ്ങി വച്ച മൾട്ടിപർപ്പസ് കമ്മ്യൂണിറ്റി സെന്റർ എന്ന ആശയത്തിന് കൂടുതൽ പ്രചാരം ലഭിക്കുകയും നമ്മുടെ സമുദായത്തിന് ഈ രാജ്യത്ത് നിരവധി നേട്ടങ്ങൾ ലഭിക്കുകയും ചെയ്തു.

മൾട്ടിപർപ്പസ് കമ്മ്യൂണിറ്റി സെന്ററുകൾക്ക് കൂടുതൽ ചുമതലകൾ പൂർത്തീകരിക്കുവാൻ പ്രാപ്തിയുണ്ടാവില്ല എന്ന തിരിച്ചറിവ് 2004-ഓടുകൂടി ഉണ്ടായി. അതൊരു ന്യൂനതയല്ലായിരുന്നു; മറിച്ച് കാലഘട്ടത്തിന്റെ മാറ്റം മൂലമുണ്ടായതാണ്. നമ്മുടെ കുട്ടികളിൽ ആദ്ധ്യാത്മികവും ധാർമ്മികവുമായ വളർച്ച പ്രദാനം ചെയ്യുവാൻ അവശ്യം വേണ്ടത് പള്ളികളാണെന്ന തിരിച്ചറിവ് നമ്മളിൽ ഉണ്ടായി. അർത്ഥവത്തായ ആ ആശയം പ്രചരിപ്പിച്ചത് മാർ മൂലക്കാട്ട പിതാവാണ്. ആ മഹത്തായ ആഹ്വാനം അമേരിക്കൻ ഐക്യ നാടുകളിൽ ശക്തമായി പ്രചരിച്ചു.

ക്നാനായ സമുദായത്തിന് അമേരിക്കൻ ഐക്യനാടുകളിൽ പള്ളികൾ എന്ന ആശയം അത്ര ലഘുവായിരുന്നില്ല. ഏറെ ബുദ്ധിമുട്ടുകൾ തുടക്കത്തിലേ അനുഭവിക്കേണ്ടിവന്നു. എന്നാൽ നമ്മുടെ നിശ്ചയ ദാർഢ്യവും ദൈവകൃപയും ഒന്നായപ്പോൾ അസാദ്ധ്യമായി തോന്നിയത് സാധ്യമായിത്തുടങ്ങി. 2006ൽ ക്നാനായ സമുദായത്തിന്റെ ചരിത്രത്തിലാദ്യമായി, കേരളത്തിന പുറത്ത്, അമേരിക്കയിൽ ഒരു പള്ളി എന്ന സ്വപ്നം യാഥാർത്ഥ്യമായി. മേയ്‌വുഡ് പള്ളിയുടെ പിറവി അങ്ങനെയായിരുന്നു. ആ സ്വപ്ന സാക്ഷാല്ക്കാരത്തിന് ഒരുപാട് എതിർപ്പുകളും അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടായിരുന്നു. സഭാപിതാക്കന്മാരുടെ പ്രാർത്ഥനകളും, മുത്തോലത്തച്ചന്റെ ആത്മാർപ്പണവും, വിശ്വാസികളുടെ നിശ്ചയദാർഢ്യവും അതിനായി ഒത്തുചേർന്നു. ദൈവഹിതത്തെ മാറ്റിമറിക്കാൻ മനുഷ്യജന്മങ്ങൾക്ക് കഴിയുകയില്ല എന്ന അചഞ്ചലമായ സന്ദേശവും ഉൾക്കൊണ്ട് 2006ൽ മെയവുഡിൽ നമ്മുടെ സമുദായത്തിന്റെ ആദ്യത്തെ പള്ളി ആരാധനക്കായി തുറന്നു. അതൊരു തുടക്കമായിരുന്നു.

വളരുന്ന തലമുറയുടെ ചിന്തകൾക്ക് ഊടും പാവും നല്കി പതം വരുത്തുന്ന ദൈവനിയോഗത്തിന്റെ സാക്ഷാല്ക്കാരമാണ് മെയവുഡ് പള്ളി. സ്വന്തമായൊരു പള്ളിയുണ്ടായതോടെ അതിലൂടെ കൈവരുന്ന ഭാഗ്യവും ഈശ്വരാനുഗ്രഹവും പുരോഗതിയും നേരിട്ടറിയുവാൻ സുമനസ്സുകൾക്ക് സാധിച്ചു. എന്റെ കുട്ടികളിൽ അതിന്റെ നേരിട്ടുള്ള പ്രഭാവവും ആവേശവും മാറ്റങ്ങളും ഞാൻ കണ്ടു. സമുദായ വിശ്വാസികൾക്കെല്ലാം അവരുടെ കുട്ടികളിലൂടെ ഈ മാറ്റം അനുഭവപ്പെടുവാൻ തുടങ്ങി. മൾട്ടിപ്പർപ്പസ് കമ്മ്യൂണിറ്റി സെന്ററിനേക്കാൾ ദൈവാലയം എന്ന ആശയം ശക്തമായി. പള്ളിയിലൂടെ പകർന്നുകിട്ടുന്ന ആത്മീയവെളിച്ചം കമ്മ്യൂണിറ്റി സെന്ററിലൂടെ കിട്ടില്ലെന്ന ബോധം കരുത്താർജ്ജിച്ചു. ഈ തിരിച്ചറിവ് ക്നാനായ സമുദായ അംഗങ്ങളുടെ ഇടയിൽ വേഗത്തിൽ ഫലം ചെയ്തു. അതോടെ സമുദായ വിശ്വാസികൾ തിങ്ങി പ്പാർക്കുന്ന ഷിക്കാഗോയിലും കൂടുതൽ പള്ളികൾ വേണമെന്ന ആവശ്യത്തിന കരുത്താർജ്ജിച്ചു.

**ഷിക്കാഗോയിൽ കുറഞ്ഞത് മൂന്ന പള്ളികളെങ്കിലും ആവശ്യമാണ്. സ്വന്തമായ ഇടവക പള്ളികളിൽ നിന്ന മാത്രമേ നമുക്ക വേണ്ടുന്ന നന്മകളെല്ലാം ലഭിക്കുകയുള്ളു. നമ്മുടെ വിശ്വാസത്തിനും ആചാരത്തിനും ഉന്നമനത്തിനും സൗകര്യമുള്ള ഒരു പള്ളി ഹോഫ്മാൻ എസ്റ്റേറ്റിൽ ഉണ്ടാവേണ്ടത് വളരെ ആവശ്യമാണെന്ന തോന്നലിന് ആക്കം കൂട്ടിയത് ഈ സാഹചര്യത്തിലാണ്. മെയ്‌വുഡിൽ ഒരു മില്ല്യൻ ഡോളർ പള്ളിക്കായി ചിലവിട്ടു. ഹോഫ്മാനിൽ അതിലും അധികമാകാം. എങ്കിലും അത് നമ്മുടെ കുട്ടികളുടെയും വിശ്വാസികളുടെയും ശ്രേയസ്സിന് മുതൽക്കൂട്ടാവും എന്ന് ഓർക്കുമ്പോൾ ശങ്കിക്കേണ്ടതില്ല. ഇന്നത്തെ സാഹചര്യത്തിൽ നമുക്കതിൽ നിന്നും പിന്നോക്കം പോകാൻ പറ്റില്ല.**

**1980 കളിൽ ഷിക്കാഗോ സിറ്റിയിൽ താമസക്കാരായിരുന്ന നമ്മുടെ വിശ്വാസികൾക്ക് ഡെസ് പ്ലേൻസും ഡെയ്റിയനും വലിയ ദൂരമായി തോന്നിയിരുന്നു. എന്നാൽ 1990ന്റെ തുടക്കത്തിൽ ധാരാളം വിശ്വാസികൾ അങ്ങോട്ടു താമസമായി. അതുപോലൊരു ചിന്ത ഹോഫ്മാന്റെ കാര്യത്തിൽ തോന്നിയാൽ അത്ഭുതപ്പെടേണ്ട തില്ല. കാലക്രമേണ ദൂരം എന്ന എതിർപ്പിന്റെ ശക്തി കുറഞ്ഞു കൊള്ളും. നമ്മുടെ സഭാംഗങ്ങൾ അവിടേക്ക് കുടിയേറിപ്പാർക്കുന്ന കാലം അതിവിദൂരമല്ല.**

മനുഷ്യവർഗ്ഗമെന്ന നിലക്ക് നമുക്ക് നമ്മെത്തന്നെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുണ്ട്. കാലം അതിനായി കാത്തുനില്ക്കുന്നു. എതിർക്കുന്നവർ എന്തും പറയും. അത് നമ്മുടെ സ്വഭാവത്തിന്റെ ഭാഗമാണ്; ശീലത്തിന്റെ ഭാഗമാണ്. ഈ ശീലത്തിൽനിന്നും എനിക്കെങ്ങനെ സ്വതന്ത്രനാവാൻ കഴിയും? നമുക്ക് നമ്മുടെ കുട്ടികളുടെ മുഖത്തേക്ക് നോക്കി ഈ ശീലം മാറ്റിയെടുക്കുവാൻ കഴിയണം. നമ്മുടെ കുട്ടികൾ ഭാവിയിൽ നമ്മെക്കുറിച്ച് മറ്റുള്ളവരോട് അഭിമാനത്തോടെ എന്തെല്ലാം ചർച്ചചെയ്യണം എന്ന് നമുക്ക് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ലഭിക്കുന്ന അവസരങ്ങളാണിത് എന്ന് തിരിച്ചറിഞ്ഞാൽ ദൂരവും ചിലവും യാതൊരു പ്രശ്നവുമല്ല. പ്രാർത്ഥനയോടെ ലക്ഷ്യത്തിലേയ്ക്കു മുന്നേറുന്നവന് പ്രതിബന്ധം റോസാദളം പോലെയായിരിക്കും.

ഹോഫ്മാനിൽ പള്ളി പണിയുന്നതിന് ഏഴ് ഏക്കറിൽ മൂന്നര ഏക്കർ പൂർണ്ണാധികാരത്തോടെ വിട്ടുകൊടുക്കുവാൻ മൂലക്കാട്ട തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ധാരണയുണ്ടായത് ശ്ലാഘനീയമായ മാറ്റത്തിന്റെ തുടക്കമാണ്. അങ്ങനെ, ഹോഫ്മാനിൽ നമ്മുടെ അടുത്ത പള്ളി യാഥാർത്ഥ്യമാവുകയാണ്. അതിന് വഴി വച്ചത് മെയ്‌വുഡ് പള്ളിയാണ്. അതുകൊണ്ടുതന്നെ മെയ്‌വുഡ് പള്ളി, മൂലക്കാട്ട പിതാവിന്റെ ഭാഷയിൽ പറഞ്ഞാൽ, ചരിത്ര പ്രാധാന്യമുള്ള പള്ളിയായി മാറിയിരിക്കുന്നു.

*(Continued on page 5)*

*(Continued from page 1)*

**ദൈവാലയം കൂടി ചിക്കാഗോയിൽ ലഭ്യമാകും എന്നതന്നെയാണ് എന്റെ വിശ്വാസം. നിങ്ങളുടെ താല്പര്യവും ശ്രദ്ധയും ശുഷ്കാന്തിയുമാണ് അതിനു കാരണം. അതുകൊണ്ട് എല്ലാവരും ഏക മനസ്സോടെ ദൈവ മഹത്വത്തെ മാത്രം മുന്നിൽ കണ്ടുകൊണ്ട് ദൈവാലയ നിർമ്മാണത്തിനായി മുന്നോട്ടു പോവുക. ദൈവം നമ്മെ അനുഗ്രഹിക്കും. നമുക്ക് നമ്മുടെ സ്വന്തമായ ദൈവാലയത്തിൽ ഒന്നിച്ചു ചേർന്ന് വിശുദ്ധ കുർബാന അർപ്പിക്കുവാനുള്ള അവസരം തീർച്ചയായും ദൈവം നല്കുകയും ചെയ്യും. അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കെ.സി.എസ് അതുമായിട്ട് മുമ്പോട്ടു പോകുന്നുണ്ട്. നാമെല്ലാവരും ഒന്നു ചേർന്ന് സഹകരിക്കുമ്പോൾ ദൈവത്തിന്റെ കൃപയാൽ പരിശുദ്ധ കന്യകാമാതാവിന്റെ നാമത്തിൽതന്നെ നമുക്ക് മറ്റൊരു ദൈവാലയം ചിക്കാഗോയിൽ ദൈവം നല്കും. അതിനായിട്ട് നിങ്ങൾ എല്ലാവരും ഒത്തു ചേർന്ന് പരിശ്രമിക്കണമെന്നാണ് ഈ അവസരത്തിൽ എനിക്കു നിങ്ങളോടു പറയുവാനുള്ളത്. ...**

എനിക്ക് ഏറെ സന്തോഷമുണ്ടായി; ഞാൻ ഇവിടെ വന്ന അവസരത്തിൽ വേദപാഠക്ലാസിൽ പരിശീലനം നേടുന്ന നമ്മുടെ കുഞ്ഞുങ്ങളെ കാണുകയുണ്ടായി. അവരെല്ലാവരും താല്പര്യത്തോടു കൂടി വിശ്വാസ പരിശീലനത്തിൽ പങ്കെടുക്കുന്നു. അതിനു പ്രധാന കാരണം മാതാപിതാക്കളായ നിങ്ങളുടെ ശ്രദ്ധയാണ്. അതിന് നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെ ക്രൈസ്തവ വിശ്വാസത്തിൽ, സഭയോടുള്ള സ്നേഹത്തിൽ, ദൈവത്തോടുള്ള ബന്ധത്തിൽ, ആഴത്തിൽ വളർത്തിയെടുക്കുവാൻ നമ്മൾ പരിശ്രമിക്കുക. നമ്മുടെ കുഞ്ഞുങ്ങൾക്ക് വിശ്വാസ പരിശീലനം നല്കുവാൻ മുന്നോട്ടു വന്നിരിക്കുന്ന നമ്മുടെ യുവജനങ്ങളെ നിങ്ങളുടെ ഓരോരുത്തരുടേയും പേരിൽ അഭിനന്ദിക്കുകയാണ്. കാരണം അവരുടെ സമയവും താല്പര്യങ്ങളും മാറ്റിവച്ച് നമ്മുടെ കുഞ്ഞുങ്ങൾക്ക് ക്രൈസ്തവ വിശ്വാസം പകർന്നു കൊടുക്കുവാനുള്ള അവരുടെ ആ പരിശ്രമം ഏറെ ശ്ലാഘനീയമാണ്, അഭിനന്ദനീയമാണ്. ദൈവം അവരെ അനുഗ്രഹിക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.

വിശ്വാസ പരിശീലനം എന്നു പറയുന്നത് ഞായറാഴ്ചകളിലെ ഒന്നോ ഒന്നരയോ മണിക്കൂറുകളിൽ മാത്രം ഒതുങ്ങി നില്ക്കുന്നതു മാത്രമാകരുത്. നമ്മുടെ കുടുംബങ്ങളിൽ നിരന്തരം തുടരുന്ന ഒരു പ്രക്രിയ ആകണം അത്. ...

മാതാപിതാക്കന്മാരുടെ സംസാരം, പെരുമാറ്റം കുടുംബത്തിലുള്ള ദൈവവിശ്വാസം കുടുംബത്തിൽ നിലനില്ക്കുന്ന ക്രൈസ്തവ ചൈതന്യം ഇവയെല്ലാം വളരെ പ്രധാനപ്പെട്ടതാണ്. അവയുടെ പശ്ചാത്തലത്തിൽ മാത്രമേ ഇവിടെ ലഭിക്കുന്ന വിശ്വാസ പരിശീലനം കുഞ്ഞുങ്ങളിൽ ഫലമണിയിക്കുകയുള്ളൂ. അതുകൊണ്ട് നാം ഓരോരുത്തരും ശ്രദ്ധയുള്ളവരായിരിക്കുക. ദൈവം നല്കുന്ന ഈ അവസരങ്ങൾക്ക് ദൈവത്തിനു നന്ദി പറയുന്നതോടൊപ്പം നമ്മുടെ കുഞ്ഞുങ്ങളെ വിശ്വാസത്തിൽ ആഴപ്പെടുത്തുവാൻ സഭയോടു ബന്ധമുള്ളവരായി വളർത്തുവാൻ, സഭാ സ്നേഹമുള്ളവരായി അവരെ മുമ്പോട്ടു കൊണ്ടുപോകുവാൻ മാതാപിതാക്കന്മാർ ഓരോരുത്തരും പ്രത്യേകം ശ്രദ്ധിക്കണം. അതിനു ചേരാത്ത യാതൊരു വിധ സംസാരമോ പ്രവർത്തനമോ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകാതിരിക്കട്ടെ. അങ്ങനെ നല്ല ക്രൈസ്തവ ചൈതന്യം തുളുമ്പി നില്ക്കുന്ന കുടുംബങ്ങളിൽ വളർന്നു വരുന്ന കുഞ്ഞുങ്ങളെ ദൈവം തന്റെ നിശ്ചയപ്രകാരം അനുഗ്രഹിക്കുകയും ആശീർവ്വദിക്കുകയും നല്ല വഴിയിലേക്ക് നയിക്കുകയും ചെയ്യട്ടെ.


Youth religious education teachers meet with Archbishop Mar Mathew Moolakkatt

നമുക്ക് ഈ സമൂഹത്തിൽ അമേരിക്കയിൽ തന്നെ അനേകം നല്ല വൈദികരെ ഇനിയും ആവശ്യമുണ്ട്. അവർ ഉണ്ടാകേണ്ടത് നമ്മുടെ ഭവനങ്ങളിൽ നിന്നാണ്. അക്കാര്യത്തിൽ മാതാപിതാക്കന്മാർ പ്രത്യേക ശ്രദ്ധയുള്ളവരായിരിക്കണം. ...

നമുക്ക് ഇടയന്മാരായി ദൈവം നല്കിയിരിക്കുന്ന ബഹു. വൈദികരോട് ചേർന്ന് നമ്മുടെ കുടുംബങ്ങളും ഇടവക സമൂഹങ്ങളുമൊക്കെ വളർത്തി ദൈവകൃപയാൽ ധന്യമാക്കുവാൻ പരിശ്രമിച്ചുകൊണ്ട് അതിനായി പ്രാർത്ഥിച്ചുകൊണ്ട് ഈ വിശുദ്ധ കുർബാനയിൽ ഭക്തിപൂർവ്വം നമുക്ക് പങ്കുചേരാം. ദൈവം നമ്മെ ഓരോരുത്തരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

*(Continued from page 4)*


പള്ളിയെക്കുറിച്ചും ഈശ്വരാരാധനയെപ്പറ്റിയും നമ്മുടെ കുട്ടികൾ അറിഞ്ഞിരിക്കണം. രക്ഷകർത്താക്കൾ അവരെ ദൈവാലയത്തിൽ എത്തിക്കുവാൻ പ്രേരിപ്പിക്കുകയും വേണം. നമ്മുടെ സമുദായത്തിന്റെയും പള്ളിയുടെയും വളർച്ചയിൽ അവർ പങ്കാളികളാകട്ടെ. ദൈവത്തെ അറിഞ്ഞ് സ്നേഹിച്ച് അവർ കരുത്തുള്ളവരായി വളരട്ടെ. നമ്മുടെ കുട്ടികളുടെ ഭാവിയാണ് നമുക്കെപ്പോഴും വലുത്.

നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിക്കായി അവരുടെ മനസ്സിന്റെ രൂപീകരണത്തിനും ആദ്ധ്യാത്മികമായ വളർച്ചക്കും പള്ളികൾ വേണം എന്ന ആശയത്തിന് ചുക്കാൻ പിടിക്കുന്ന മൂലക്കാട്ടു പിതാവും മുത്തോലത്തച്ചനും വഹിക്കുന്ന പങ്ക് സർവ്വകാല സ്മരണീയമാണ്. ഈശ്വരൻ അവരെ നിയോഗിച്ചതാണ്. കാലികമായ മാറ്റങ്ങളെ ഉൾക്കൊള്ളാതെ അർത്ഥമില്ലാത്ത എതിർപ്പുകൾ വച്ചുകൊണ്ട് നാമാരും ചിന്തിച്ചുകൂടാ.

പുതിയ പള്ളികൾ എന്ന സങ്കൽപ്പത്തിന്റെ സാക്ഷാത്ക്കാരമായി ഹോഫ്മാനിൽ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീയാക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ഹോഫ്മാനിലെ പള്ളിയും നമ്മുടെ സമുദായ ചരിത്രത്തിലെ മറ്റൊരു നാഴികകല്ലായി മാറട്ടെ. ഈ ദൈവാലയത്തിനായി യത്നിക്കുന്നവരെ ദൈവം അനുഗ്രഹിക്കുക തന്നെ ചെയ്യും. ഈ പ്രദേശവും ദൈവസാന്നിദ്ധ്യമുള്ള ഇടമായി മാറും. ഇവിടെ ഭിന്നിപ്പിന്റെ സ്വരമുണ്ടാവില്ല. ഒരുമയുടെയും വിശ്വാസത്തിന്റെയും നാദം ഉയരും. ഹോഫ്മാനിലെ പള്ളിയും സമുദായ വിശ്വാസികൾക്കും കുട്ടികൾക്കും ലഭിക്കാൻ പോകുന്ന ദൈവാനുഗ്രഹമാണ്.

സാങ്കേതികമായ കാരണങ്ങളാൽ മൊരടിച്ചു നില്ക്കേണ്ടവരല്ല നാം. മാറ്റങ്ങളെ ഉൾക്കൊണ്ട് നമുക്ക് കരുത്താർജ്ജിക്കാം. മേയ്‌വുഡ് പള്ളിയിലൂടെ നമ്മുടെ സമൂഹത്തിനും കുട്ടികൾക്കും ഉണ്ടാകുന്ന ആദ്ധ്യാത്മിക വളർച്ചയും സമുദായ ബോധവല്ക്കരണവും സാമൂഹ്യ സ്നേഹവും നമ്മുടെ സമൂഹം മുഴുവൻ ഒരുപോലെ അനുഭവിക്കുവാൻ "വേണം ഹോഫ്മാൻ എസ്റ്റേറ്റിൽ നമുക്കൊരു പള്ളി."





മാർ മാത്യു മൂലക്കാട്ട് പിതാവ് സെന്റ് വിൻസന്റ് ഡീ പോൾ മീറ്റിംഗ്, റിലിജിയസ് സ്റ്റോൾ എന്നിവ സന്ദർശിച്ചപ്പോൾ.

## പാവന സ്മരണയ്ക്ക്

പത്താം ചരമ വാർഷികം



**കുര്യൻ ചാക്കോ മുത്തോലത്ത്**

ജനനം: 03/28/1930

മരണം: 10/26/1997

- സന്തപ്ത കുടുംബാംഗങ്ങൾ


**MARRIAGE PREPARATION COURSE**

will be held in Chicago from November 23rd evening to 25th evening. Please contact Tonny Pullappally for registration @ 1-630-205-5078.

## മരിച്ചവർക്കു വേണ്ടി വിശേഷാൽ ദിവ്യബലി

നവംബറിൽ സകല മരിച്ചവർക്കും വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നു. നിങ്ങളുടെ പ്രിയ പരേതരുടെ പേരുകൾ എഴുതി ഒരാൾക്കു പത്തു ഡോളർ വീതമോ അതിലധികമോ എൻവലപ്പിൽ ഇട്ട് പള്ളിയിൽ ഏല്പിക്കുക. ആ തുക ക്നാനായ സെമിത്തേരിയുടെ ഗ്രോട്ടോയുടെ ചിലവിന് ഉപയോഗിക്കുകയും എൻവലപ്പ് അൾത്താരയിൽ വച്ച് നവംബർ മുഴുവൻ അവർക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നതുമാണ്.

## Ushers at Sacred Heart



| October 28 | November 4 |
|---|---|
| MALAYALAM MASS<br>Sherry Kulathilkarottu<br>Soumya Kulathilkarottu<br>Vinitha Padinjath<br>Kichu Maliackalthara | MALAYALAM MASS<br>Tinu Paranjattu<br>Arun Nellamattam<br>Amal Vellapally<br>Jithin Kaduthodil |
| ENGLISH MASS<br>Tobin Poothakkary<br>Kevin Kunnasseril | ENGLISH MASS<br>Aleta Varakalayil<br>JoAnn Puthenpurayil |

**READERS / LECTORS** — **ഏലിയാ-സ്ലീവാ-മൂശാ കാലം**

| October 28 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S at OLV |
|---|---|---|---|---|
| 1st Reading | Sirach 35:12-14, 16-18 | John Klakkil | Arun Kothaladiyil | Mariyakutty Pazhayedathu |
| 2nd Reading | 2 Timothy 4:6-8, 16-18 | Beena Indikuzhy | Jacquiline Thekkeparambil | Molegeena Thattamattathil |
| November 4 | | | | |
| 1st Reading | Wisdom 11:22 - 12:2 | Timmy Cheriyathil | Reethika Kanjirathumkal | Jomin Aikkaraparampil |
| 2nd Reading | 2 Thess. 1:11 - 2:2 | Thressiama Puthiyadathu | Varun Mundaplakal | Tony Kizhakkekuttu |

## സകല മരിച്ചവരുടെ ഓർമ്മ തിരുക്കർമ്മങ്ങൾ

നവംബർ 1, വ്യാഴം: കമ്മ്യൂണിറ്റി സെന്ററിൽ വൈകുന്നേരം 7:00
നവംബർ 3, ശനി: ഇടവക പള്ളിയിൽ രാവിലെ 10:00ന്
തുടർന്ന് ക്നാനായ സെമിത്തേരിയിൽ പൊതു ഒപ്പീസ്.
നിങ്ങളുടെ പ്രിയപ്പെട്ടവരുടെ ഫോട്ടോകൾ മുൻ
വർഷങ്ങളിലേതുപോലെ കൊണ്ടുവന്ന്
അൾത്താരയ്ക്കു സമീപം വച്ച്
പ്രാർത്ഥിക്കാവുന്നതാണ്.




## Weekly Offering

***October 21***

| ST. MARY'S UNIT | |
|---|---|
| Regular Contribution | 243.00 |
| Mission Sunday Special Contribution | 422.00 |
| Mission Sunday Auction | 535.00 |
| **Total St. Mary's Unit** | **1,200.00** |
| **SACRED HEART CHURCH** | |
| Offering for Adult Mass | 1,224.00 |
| Offering for English Mass | 165.00 |
| Building Fund: Youth Center | 2,990.00 |
| Food Service (Orland Park) | 450.00 |
| Agape Store (for charity) | 76.00 |
| Mission Sunday Special Contribution | 1,469.00 |
| Auction | 2,387.00 |
| **TOTAL RECEIPTS AT S.H. CHURCH** | **8,761.00** |

**Please use envelope with your name and family name. Thank you for your support.**

## Youth Ministry Presents:
# 2007-2008 Seminar Series

Each month our youth ministry will be providing an hour of powerful information seminar to empower and assist our youth.

### Seminar of the Month: November 2007

*How to Handle Stress.*

Presented by: Dr. Gregory Lewis, PsyD

John H. Stroger Jr. Hospital of Cook County.


**Gaanam**
**Videos & Photos**
**Edukkutharayil**
**Professional Touch with Latest Technology.**







*ANIL*
*Cell: 630-202-5969*
*Res: 847-827-7827*

*Best compliments from The Mutholath Family*

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463
9518 W. 179th Street, Tinley Park, IL 60487
(708) 489 6PRS
*www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
9520 W. 179th St., Tinley Park, IL 60487
(708) 633-8600, *www.choicecarehh.com*

Medicare Certified, most insurance accepted.

**ST. MICHAEL'S TOWING**
24 HOUR ROADSIDE ASSISTANCE
1-866-JOE-4-TOW

**POWER WASH** 847-568-1500
4002 W. Chicago, IL
7736 W. Dempster, Morton Grove, IL



JOY CHEMMACHEL
312-560-1600

**Professional with 11 years experience in catering.**

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

Call
**WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

We put our money where our mouth is



Free Refinanceing !!!!!
Loan amount up to 100%
No credit, Poor credit - No Problem
buy new home/investment property

Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com
(847) 814-3949

COLDWELL BANKER



MARTIN & MARBRY
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: **Zachariah Chacko (Zach)**
(A Friendly Realtor)

**Find out how much your dream home is worth today?**
**4632 W. Church St., Skokie, IL 60076**
**(847) 677-1200 (Business)**
**(847) 551-7386 (Pager)**
**(847) 374-5031 (Voice Mail)**
EQUAL HOUSING LENDER

**ROYAL TRAVEL SERVICE**
**3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625**
**TEL: (773) 509-9600, FAX: (773) 509-1196**
*KUWAIT AIRWAYS * AIR INDIA * MALAYSIAN
* SWISS AIR * BRITISH AIRWAYS * LUFTHANSA
AIR FRANCE * KLM * SINGAPORE AIR, ETC.,
**YOUR KNANAYA TRAVEL AGENCY**
**CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU**

**Greetings to Knanaya Catholic Parish Chicago**



SERVING THE MALAYALEE COMMUNITY SINCE 1982

Personal Injury • Wrongful Death • Medical Negligence • Car Accidents • Slip and Fall • Work Injuries

*Your Call is Always Welcome*

## Attorney Steve Crifase

**312-855-0511**

8 South Michigan, Suite 2000, Chicago, Illinois 60603

*Dupage County Office and Home Visits Available*

**J & J REMODELING**

"Where work is a piece of art."

Call Us For Remodeling Your



* Kitchen
* Bathroom
* Basement
* Bedroom

**Jose Korattiyil**

Res: (847) 933-9509

Cell: (847) 293-6211

---

CLARK · Shell · Gas DEPOT · MARATHON · CITGO

Gasoline distribution throughout the Midwest

***Your KNANAYA Gasoline Jobber***

**Gas Depot Oil Co.**

IL 60053

847-581-0303 (Off)

847-581-0309 (Fax)

**www.gasdepot.com**

## Cottage Hill

Real Estate, Inc.

Delivering more than we promise!!



George Mathews

Realtor

109 S. Adell Place

Elmhurst, IL 60126

Cell 630.935.0328

Office 630.758.0540

Fax 630.758.0530

Email: gmathews@cottagehill.info

## RN Review

Comprehensive Review

Free make-up classes

Individualized Coaching

Full Length Practice Tests

Convenient location

**ExcelRn**

1460 Renaissance

Ste # 208

Park Ridge IL 60068

**Call : (630) 742 7202**

**www.excelrn.com**




**LINCOLNWOOD**

**MORTGAGE SERVICES, INC.**



**4039 W. Main St., Skokie, IL 60076**

**Phone: 847-674-1600**

**Fax: 847-674-1608**

*For all your Mortgage Services*

**Please contact: Benny Kuriakose (Kanjiraparayil)**

Phone: 847.583.1245, Pager: 773.258.1301.

**PURCHASE, REFINANCES, FIXED, ADJUSTABLE**

**We offer fast approvals**

EQUAL OPPORTUNITY LENDER

---

Home Dream Home !!!

To fulfill your sweet dream Call today & experience the difference !!!

Shaji Nirappil

Office: (630) 539-7076

Fax: (630) 833-6747

Cell: (630) 886-1044

Email: shajinirappil@hotmail.com



MLS

## Avian Realty

Serving You More For Less

Specialties include residential, Commercial & Gas Stations in and around Chicago land area.

**SPACE AVAILABLE FOR YOUR ADVERTISEMENT**

**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**



**TOMY NELLAMATTAM**

619 N. Milwaukee Ave., Suite 25

Glenview, IL 60025.

847-486-4112 (Off)

847-302-8556 (Cell)

847-724-3247 (Fax)

CITYWIDE JMW REALTY INC.



**4313 W. Irwing Park, Chicago, IL 60641**

**ALEX MULLAPPALLIL**

REALTOR CONSULTANT

Tel: 773-286-6200 * Cell: 847-208-6657

Res: 847-679-9431 * Fax: 773-286-9516

Specializing in: Gas Stations, Investments, Commercial, & Residential.

EQUAL HOUSING LENDER

## Chilli's garden

The Indian taste

**Dine in, Carryout & Catering**

Free Home Delivery

**847-296-0777**

8971, N. Potter Road

Desplaines IL 60016

**Cyril Kattapuram 224-717-0376**



**Jaibu Mathew, E.A.**

ENROLLED TO PRACTICE BEFORE IRS

**7215 W. Touhy, Suite 5, Chicago, IL 60631.**

**Office: 773-792-2117, 312-718-6337 Cell**

**Fax: 773-792-2118, jaibu6@aol.com**

*** Free Electronic Filing ***

*** Refund in 24 Hours ***

---

**Citizens Bank & Trust**

5700 N. Central Ave. Chicago, IL 60646

**YOUR COMMUNITY BANK!**

**WE ARE HERE FOR ALL YOUR NEEDS!**

***Commercial * Residential * Investments***

**ANNA G. LES**

**ASSISTANT VICE PRESIDENT**

Main: 773.763.6200

Email: annales@cbtoc.com

FDIC FEDERAL DEPOSIT INSURANCE CORPORATION

EQUAL HOUSING LENDER



**JAMES KATTAPURAM**

**Cell: 630-202-1002**

**Res: 630-307-1518**

**100% Customer Service**

Citywide Mortgage of America Corp.

***4305 W. Irving Park, Chicago, IL 60641***

***Tel: 773.286.6200***

Specializing in:

* Existing Residential
* New Construction
* Commercial / Investment

For a Buyer / Seller Consultation

For a Free Market Analysis

For a Free Pre-Qualification

EQUAL HOUSING LENDER